ഉത്തരം

(എ) ഉണ്ട്.

(ബി & എച്ച്) വിജിലൻസ് അന്വേഷണം പ്രാരംഭ ഘട്ടത്തിലായതിനാൽ ആയത് പൂർത്തിയായാൽ മാത്രമേ കൂടുതൽ വിശദാംശം വെളിപ്പെടുത്തുവാൻ നിർവ്വാഹമുള്ളൂ.

കെ. എ. പി. മൂന്നാം ബറ്റാലിയനിലെ നിയമനം

74 [795] ശ്രീ. എ. എ. അസീസ്:
„ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എ. പി. മൂന്നാം ബറ്റാലിയൻ വഴി 1998 മുതൽ സംസ്ഥാനത്ത് എത്ര പേർക്ക് നിയമനം നൽകി;

(ബി) ഇതിൽ കൊല്ലം ജില്ലയിൽ എത്ര പേർക്കാണ് നിയമനം ലഭിച്ചത്;

(സി) അന്യ ജില്ലകളിൽനിന്നും എത്രപേരെയാണ് കൊല്ലം ജില്ലയിൽ നിയമിച്ചത്;

(ഡി) നിലവിലുള്ള മാനദണ്ഡം അനുസരിച്ചാണോ നിയമനം നടത്തിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3035 പേർക്ക് നിയമനം നൽകി.

(ബി) 501 പേർക്ക്.

(സി) ജില്ലാ സായുധ സേനയിലേക്ക് ജില്ലാന്തര സ്ഥലംമാറ്റം വഴി 28 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള മാനദണ്ഡം അനുസരിച്ചാണ് ജില്ലാന്തര മാറ്റം നടത്തിയിട്ടുള്ളത്.

വീടിനുള്ളിൽ ഉറങ്ങിക്കിടന്നവർ കൊല്ലപ്പെട്ട സംഭവം

75 [796] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വീട്ടിൽ ഉറങ്ങിക്കിടക്കുന്നവരെ തലയ്ക്ക് അടിച്ചും വെട്ടിയും കൊലപ്പെടുത്തുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2001 മുതൽ ഇതുവരെ ഇപ്രകാരം എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഈ സംഭവങ്ങളുടെ അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) ഇങ്ങനെയുള്ള കൊലപാതകങ്ങളുടെ സമഗ്ര അന്വേഷണത്തിന് ബന്ധപ്പെട്ട എല്ലാ കേസുകളും സി. ബി. ഐ.-ക്ക് വിടുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 5.

(സി) വടക്കാഞ്ചേരി പി. എസ്. ക്രൈം. 236/02 കേസിലെ പ്രതിയെ കോടതി ശിക്ഷിച്ചു. മാള പോലീസ് സ്റ്റേഷൻ ക്രൈം 413/04 കേസ്, 15/സി.ആർ/05 ആയി റീ നമ്പർ ചെയ്ത് സി.ബി.സി.ഐ.ഡി. അന്വേഷണം നടത്തിവരുന്നു. ചാവക്കാട് പി. എസ്. ക്രൈം 400/05 കേസ് ചാവക്കാട് സി. ഐ.-യുടെ നേതൃത്വത്തിൽ ഊർജ്ജിത മായി അന്വേഷണം നടത്തിവരുന്നു. പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. മതിലകം പി. എസ്. ക്രൈം 450/05 കേസ് വലപ്പാട് സി. ഐ.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു. 7-1-2006 മുതൽ കുന്ദംകുളം ഡിവൈ. എസ്. പി. കൂടി ഉൾപ്പെട്ട അന്വേഷണ സംഘമാണ് അന്വേഷിച്ചുവരുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കൊടുങ്ങല്ലൂർ ആസ്ഥാനമായി പോലീസ് സർക്കിൾ രൂപീകരണം

76 [797] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഏറ്റവും ഗുരുതരമായ ക്രമസമാധാന പ്രശ്നങ്ങളുണ്ടാകുന്ന മേഖലയാണ് കൊടുങ്ങല്ലൂർ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൊടുങ്ങല്ലൂർ ആസ്ഥാനമായി ഒരു പോലീസ് സർക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണിയ്ക്കുമോ;

(സി) ഇതിനുവേണ്ടി ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ നിലവിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ പരിഗണിച്ച് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് പ്രവർത്തനം താൽക്കാലികമായെങ്കിലും കൊടുങ്ങല്ലൂരിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ ആസ്ഥാനമായി ഒരു പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് ചില അധിക വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്.

ബേപ്പൂർ മത്സ്യബന്ധന തുറമുഖത്ത് 17-9-2005-ൽ ഉണ്ടായ സ്ഫോടനം

77 [798] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മത്സ്യബന്ധന തുറമുഖത്ത് 17-9-2005-നുണ്ടായ സ്ഫോടനം സംബന്ധിച്ച അന്വേഷണത്തിന്റെ നിജസ്ഥിതി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly